"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധനയ്ക്കായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.2709/2024/RD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:-
1. 22-02-2022-ലെ സ.ഉ.(കൈ)നം.56/2022/RD ഉത്തരവ്
2. 26-11-2022-ലെ സ.ഉ.(കൈ) നം.278/2022/RD ഉത്തരവ്
3. 01-09-2023-ലെ സ.ഉ.(കൈ)നം.206/2023/RD ഉത്തരവ്
4. 27.06.2024-ലെ സ.ഉ.(അച്ചടി)നം. 140/2024/RD ഉത്തരവ്
5. 28.06.2024-ലെ സ.ഉ.(അച്ചടി)നം. 142/2024/RD ഉത്തരവ്
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14.10.2024-ലെ LR/3045/2022-LR(R1) നം. കത്ത്

<u>ഉത്തരവ്</u>

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കുണ്ടായിരുന്ന അധികാരങ്ങൾ, പരാമർശം (4)-ലെയും പരാമർശം (5)-ലെയും ഉത്തരവുകളിലൂടെ ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി അനുവദിച്ചു നൽകിയ സാഹചര്യത്തിലും, അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്തും നിലവിൽ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്ന വാഹനങ്ങളുടെ കരാർ കാലാവധി അവസാനിക്കാറായതിനാലും, ഫീൽഡ് പരിശോധനയ്ക്കായി ഒരു വർഷത്തേയ്ക്കുകൂടി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (6) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ഫീൽഡ് പരിശോധനകൾക്കായി മാസ വാടക 35000/- രൂപ നിരക്കിൽ 6 മാസത്തേയ്ക്ക് 340 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും, പരാമർശം (2)-ലെ ഉത്തരവ് പ്രകാരം വീണ്ടും 6 മാസത്തേയ്ക്ക് 340 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും, പരാമർശം

(3) - ലെ ഉത്തരവ് പ്രകാരം 220 വാഹനങ്ങൾ നിലവിലെ സർക്കാർ നിരക്ക് പ്രകാരം ഒരു വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുന്നതിനും, അനുമതി നൽകി ഉത്തരവായിരുന്നു. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനായി ശേഷിക്കുന്നുണ്ട്. വാഹനങ്ങളുടെ അപര്യപ്തത മൂലം പ്രസ്തുത അപേക്ഷകളുടെ തീർപ്പാക്കലുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി ഫീൽഡ് പരിശോധന നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും, ഇത് തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും കാണുന്നു.

3. മേൽ സാഹചര്യത്തിൽ, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ തീർപ്പാക്കലുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധനയ്ക്കായി, സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിൽ, ചുവടെ ചേർത്ത പട്ടികയിൽ വിശദമാക്കിയിട്ടുള്ള പ്രകാരം, ഒരു വർഷത്തേക്ക് കൂടി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിക്കുന്ന വാഹനങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 18 |
| 2 | കൊല്ലം | 8 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 19 |
| 5 | കോട്ടയം | 15 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 60 |
| 8 | തൃശ്ശൂർ | 30 |
| 9 | പാലക്കാട് | 12 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 14 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 12 |
| 14 | കാസറഗോഡ് | 5 |
| | ആകെ | 213 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ ജോർജ് ഐ എ എസ്

അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാരും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, എറണാകുളം
ധനകാര്യ വകുപ്പ്
കൃഷി (എൻസിഎ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/ പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. REV-P1/626/2024-REV)

ഉത്തരവിൻ പ്രകാരം
Signed by Pradeesh Kumar
M K
Date: 13-11-2024 11:26:15
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എ - യ്ക്ക്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്